## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5953 — 19/11/2019-ൽ മറുപടിക്ക്

### കല്ലട ജലസേചന പദ്ധതിയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിലൂടെ നൂറ് കണക്കിന് കിലോമീറ്ററുകൾ ദൂരത്തിൽ ശക്തിയായി ഒഴുകി നീങ്ങുന്ന ജലപ്രവാഹത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാലിലൂടെയുള്ള ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടന്നു വരുന്നു. |
| (ബി) | വൈദ്യുതി ക്ഷാമം ഏറ്റവും രൂക്ഷമാകുന്ന കടുത്ത വേനൽക്കാലത്താണ് കനാലുകളിലൂടെ പൂർണ്ണ തോതിൽ ജലം തുറന്നു വിടാറുള്ളത് എന്ന പ്രത്യേകത പരിഗണിച്ച് വൈദ്യുതി ഉത്പാദന മേഖലയിലെ പ്രതിസന്ധി നീക്കുവാൻ സഹായകരമായ പദ്ധതി എന്ന പരിഗണനയോടെ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ? | (ബി) | സാധ്യതാ പഠനം പൂർത്തിയായാൽ മാത്രമേ പ്രസ്തുത പദ്ധതി സാമ്പത്തികമായി മെച്ചമാണോ, പ്രായോഗികമാണോ, (Financially & Technically Feasible) എന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ